# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1821** **04.12.2018 -ലെ മറുപടിയ്ക്ക്**

**<u>സർവ്വകലാശാലകളുടെ പ്രവർത്തനം</u>**

*<u>ചോദ്യം</u>*

ശ്രീ. വി. എസ്. ശിവകുമാർ
,, വി. ടി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

*<u>ഉത്തരം</u>*

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തൃപ്തികരമായിരുന്നോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പും, ഉന്നത വിദ്യാഭ്യാസ കൗൺസിലും സർവ്വകലാശാല അധികാരികളും കൂട്ടായും വെവ്വേറെയും ചർച്ച ചെയ്ത് ആവശ്യമായ വിലയിരുത്തലുകൾ നടത്തുന്നുണ്ട്. സർവ്വകലാശാലകളുടെ പ്രവർത്തന നേട്ടങ്ങൾ വിലയിരുത്തി ' ചാൻസലേഴ്സ് അവാർഡും' നൽകിവരുന്നു. |
| (ബി) | സംസ്ഥാന സർവ്വകലാശാലകളുടെ അക്കാഡമിക് പ്രോഗ്രാമുകൾ പരസ്പരം അംഗീകരിക്കുന്നതിനും തുല്യത കല്പിക്കുന്നതിനുമുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | അതെ. 3.11.2018 തീയതിയിലെ ജി.ഒ.(എം.എസ്.) നം. 272/2018/ഉവിവ ഉത്തരവ് പ്രകാരം സംസ്ഥാന സർവ്വകലാശാലകളുടെ അക്കാഡമിക് പ്രോഗ്രാമുകൾ പരസ്പരം അംഗീകരിക്കുന്നതിനും തുല്യത കല്പിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സർവ്വകലാശാലകളുടെ വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് ഉണ്ടാകേണ്ട കഴിവുകൾ എന്തൊക്കെയെന്ന് ജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കുവാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിയ്ക്കുന്ന ***ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജുവേറ്റ് ആട്രിബ്യൂട്ട് സിനും*** ഊന്നൽ നൽകികൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | സിലബസ്സിലും കരിക്കുലത്തിലും മാറ്റങ്ങൾ വരുത്തേണ്ട തുണ്ട്. ഇതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് കൗൺസിൽ നൽകിവരികയാണ്. കേരള, മഹാത്മാഗാന്ധി, കുസാറ്റ്, സംസ്കൃത, സാങ്കേതിക സർവകലാശാലകൾക്കായുള്ള പരിശീലന പ രിപാടികൾ നടന്നു കഴിഞ്ഞു. കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകൾക്കായുള്ള പരിശീലന പ രിപാടികൾകൂടി നടന്നുകഴിയുന്നതോടെ ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടം പൂർത്തിയാകും. |
| (ഡി) | സംസ്ഥാനത്തെ പല സർവ്വകലാശാലകളിലും സമയത്ത് പരീക്ഷ നടത്താത്തതും ഫലപ്രഖ്യാപനം നടത്തുന്നതിൽ ഉണ്ടാകുന്ന കാലവിളംബവും വിദ്യാർത്ഥികൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പരീക്ഷകൾ യഥാസമയം നടത്തി റിസൽട്ട് പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാലകൾക്ക് നിർദേശം നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി പദ്ധതി പൂർണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ